Draft #1 of File AD A1/2/53/2021 Approved by ASSISTANT REGISTRAR I (ADMIN) on 28-Apr-2021 12:40 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - ശ്രീ .ബാബുരാജ് എ വാര്യർ, ജോയിന്റ് രജിസ്ട്രാർ -3 (ഭരണ വിഭാഗം ) -നെ ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ -1 ന്റെ ചുമതല ഭാഗികമായി നിറവേറ്റുന്നതിന് താൽക്കാലികമായി ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2221/AD A1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 28.04.2021

---

*പരാമർശം:*-1. 27.04.2021 തീയതിയിലെ രജിസ്ട്രാറുടെ കുറിപ്പ് നം. രജി / 3/ 81 / 2021

**ഉത്തരവ്**

ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ -1 ആയ ശ്രീമതി കോമളവല്ലി കെ., താൻ കോവിഡ് 19 രോഗബാധിതനുമായുള്ള പ്രാഥമിക സമ്പർക്കം മൂലം 24 / 04 / 2021 മുതൽ ക്വാറന്റീനിൽ പ്രവേശിച്ചതായും ഡി ഡി എഫ് എസ് മുഖേനയുള്ള ഫയലുകൾ ക്വാറന്റീനിൽ തുടരുമ്പോഴും വർക്ക് ഫ്രം ഹോം ആയി തീർപ്പാക്കുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി..

സർവ്വകലാശാലയിൽ നിന്നും എഴുപതിലധികം ജീവനക്കാർ മെയ് മാസത്തിൽ വിരമിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കുക, പെൻഷൻ ബുക്കുകൾ ഒപ്പ് വയ്ക്കുക, പ്രൊവിഡന്റ് ഫണ്ട് അവസാനിപ്പിക്കുക തുടങ്ങി ജോയിന്റ് രജിസ്ട്രാർ -1 ഭരണ വിഭാഗത്തിന്റെ ചുമതലയിലുള്ള കർത്തവ്യങ്ങൾ തടസപ്പെടുന്ന സാഹചര്യത്തിൽ ശ്രീമതി. കോമളവല്ലി കെ. ജോയിന്റ് രജിസ്ട്രാർ -1 (ഭരണ വിഭാഗം ) ക്വാറന്റൈന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെ ടി കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ -3 ആയ ശ്രീ. ബാബുരാജ് എ വാര്യരെ ചുമതലപ്പെടുത്തിക്കൊണ്ടും ശ്രീമതി. കോമളവല്ലി കെ. ജോയിന്റ് രജിസ്ട്രാർ -1 (ഭരണ വിഭാഗം ) നിർവ്വഹിച്ചുവരുന്ന മറ്റ് കർത്തവ്യങ്ങൾ വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ നിർവ്വഹിക്കുന്നതിന് അനുമതി നൽകികൊണ്ടും പരാമർശം (1) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ

2. വൈസ് ചാന്‌സിലറുടെ പ്രൈവറ്റ് സെക്രട്ടറി

3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ.

4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/അക്കാദമികം/ധനകാര്യം)

5.ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി.യൂണിവേഴ്സിറ്റി

6. പബ്ലിക് റിലേഷൻസ് ഓഫീസർ /ഓഡിറ്റ് II & III /എഡി.ബി 3/സ്റ്റ ഓഫീസർ

7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ..സി /CITAD

8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AD A1/2/53/2021 Approved by ASSISTANT REGISTRAR I (ADMIN) on 28-Apr-2021 12:40 PM - Page 2